"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി സുനിത മുതൽ പേർ ഫയൽ ചെയ്ത WP (C) No. 42442/2024 കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.670/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. 21.11.2024 ൽ ശ്രീമതി സുനിത മുതൽ പേർ സർക്കാരിൽ സമർപ്പിച്ച നിവേദനം (Exhibit P2)
2. WP(C)42442/2024 കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 08.01.2026 ലെ വിധിന്യായം.
3. WP (C) No. 42442/2026 - RP 147/2026 നമ്പർ കേസിന്മേലുള്ള ബഹു. ഹൈ കോടതിയുടെ 05.02.2026 ലെ വിധിന്യായം.

**ഉത്തരവ്**

ശ്രീമതി സുനിത മുതൽ പേർ ഫയൽ ചെയ്ത WP(C) NO. 42442/2024 കേസിൽ, ബഹു ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായ പ്രകാരം Exhibit P2 നിവേദനം പരിഗണിക്കുന്നതിനും, ഹർജിക്കാരെ നേരിൽ കേട്ട് വിധിന്യായത്തിന്റെ പകർപ്പ് ലഭിക്കുന്ന തീയതി മുതൽ പരമാവധി മൂന്ന് മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ചേർപ്പ് ഗ്രാമപഞ്ചായത്തിൽ 'പഞ്ചമി' എന്ന പേരിൽ ഹർജിക്കാർ നടത്തിവരുന്ന കാന്റീൻ തുടരാൻ അനുവദിക്കുന്നതിന് പഞ്ചായത്തിനു നിർദ്ദേശം നൽകണമെന്നതാണ് പരാമർശം 1-ൽ പരാമർശിക്കുന്ന Exhibit P2 നിവേദനത്തിലെ ആവശ്യം.

2. പരാമർശം 2 വിധിന്യായത്തിന്മേൽ മൂന്നാം എതിർകക്ഷിയായ ചേർപ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബഹു. ഹൈക്കോടതിയിൽ RP 147/2026 നമ്പറായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയും, പരാമർശം 3 പ്രകാരം ചേർപ്പ് പഞ്ചായത്ത് സെക്രട്ടറിയെ കൂടി നേരിൽ കേൾക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

3. മേൽ വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ചുമതലപ്പെടുത്തിയ പ്രകാരം ഹർജിക്കാരായ ശ്രീമതി. സുനിത, ശ്രീമതി ലിസി, ശ്രീമതി സജിത, ശ്രീമതി അൽഫോൻസ, ശ്രീമതി ഷൈല എന്നിവർക്കും മൂന്നാം എതിർ കക്ഷിയായ ചേർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 10.02.2026 തീയ്യതിയിൽ വീഡിയോ കോൺഫറൻസിങ് മുഖേന ഹിയറിംഗ് നടത്തി. ഹർജിക്കാരായ ശ്രീമതി സുനിത, ശ്രീമതി ലിസി, ശ്രീമതി സജിത എന്നിവരും, മൂന്നാം എതിർകക്ഷിയായ ചേർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഹിയറിങ്ങിൽ പങ്കെടുത്തു.

4. ചേർപ്പ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ, പഞ്ചായത്ത് നടത്തി വരുന്ന കമ്മ്യൂണിറ്റി കിച്ചന് മുകളിലായി 'പഞ്ചമി' എന്ന പേരിൽ 2010 മുതൽ കാന്റീൻ നടത്തിവരുന്നതായും,

കുടുംബശ്രീ ചാർജ് ഓഫീസർ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരമാണ് കാന്റീൻ നടത്തിയിരുന്നതെന്നും, എന്നാൽ 2012നു ശേഷം കരാർ കാലാവധി പുതുക്കി നൽകുന്നതിന് അപേക്ഷ നൽകിയിട്ടും കരാർ പുതുക്കി നൽകിയിട്ടില്ലെന്നും ഹർജിക്കാർ അറിയിച്ചു. ഈ ക്യാന്റീൻ തങ്ങളുടെ ഏക വരുമാന മാർഗ്ഗമാണെന്നും, ക്യാന്റീനിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനു ആവശ്യമായ ഉപാധികൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, നിലവിൽ ക്യാന്റീൻ പഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അനുയോജ്യമായ മറ്റൊരു സ്ഥലം ലഭ്യമാകുകയാണെങ്കിൽ മാറാൻ തയ്യാറാണെന്നും ഹർജിക്കാർ അറിയിച്ചു. ആയതിനു ന്യായമായ സമയപരിധി അനുവദിക്കണമെന്നും ഹർജിക്കാർ അഭ്യർത്ഥിച്ചു.

5. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാചകഭോജനശാലയിൽ നിന്നുള്ള മലിന ജലം ഒലിച്ചുപോകുന്ന ടാങ്കിന്റെ മുകളിലാണ് കുടുംബശ്രീ കാന്റീൻ പ്രവർത്തിക്കുന്നത് എന്നതിനാലും, പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥലപരിമിതിയുള്ളതിനാലും, ഭരണസമിതി തീരുമാനപ്രകാരം കാന്റീൻ നിർത്തലാക്കുന്നതിനു 2012ൽ നോട്ടീസ് നല്കിയിട്ടുള്ളതാണെന്ന് ചേർപ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 2012-ൽ കരാർ കാലാവധി അവസാനിച്ചതിന് ശേഷം ഹർജിക്കാർ നടത്തുന്ന ക്യാന്റീൻ ആവശ്യമായ അനുമതികൾ ഇല്ലാതെയാണ് പഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്നും സെക്രട്ടറി അറിയിച്ചു. നിയമാനുസൃതമായി കരാർ പുതുക്കാത്തതിനാലും, പഞ്ചായത്തിന്റെ സ്ഥലപരിമിതി പരിഗണിച്ചും, ക്യാന്റീനിൽ നിന്നുള്ള മാലിന്യസംസ്കരണം ശരിയായ രീതിയിൽ അല്ലാത്തതിനാലും ഹർജിക്കാർക്ക് സ്റ്റോപ്പ് മെമ്മോ നല്കിയിട്ടുള്ളതാണെന്നും, എന്നാൽ ക്യാന്റീൻ ഒഴിയുന്നതിനു ഹർജിക്കാർ തയ്യാറായിട്ടില്ല എന്നും സെക്രട്ടറി ബോധിപ്പിച്ചു. നിലവിലും സ്ഥല പരിമിതിയുൾപ്പടെയുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ക്യാന്റീൻ തുടരാൻ അനുവദിക്കുന്നതിന് നിർവ്വാഹമില്ല എന്നും, എന്നാൽ ഭരണസമിതി അംഗീകാരത്തിന് വിധേയമായി, ഹർജിക്കാർക്ക് ക്യാന്റീൻ മാറ്റിസ്ഥാപിക്കുവാൻ സ്ഥലം കണ്ടെത്തുന്നതിന് ആവശ്യമായ സമയപരിധി അനുവദിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

6. ഹർജിക്കാരും ചേർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഹിയറിങ്ങിൽ ബോധിപ്പിച്ചിട്ടുള്ള വിവരങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചേർപ്പ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ഹർജിക്കാരായ ശ്രീമതി സുനിത, ശ്രീമതി ലിസി, ശ്രീമതി സജിത, ശ്രീമതി അൽഫോൻസ, ശ്രീമതി ഷൈല എന്നിവർ നടത്തിവരുന്ന ക്യാന്റീൻ നിലവിൽ പഞ്ചായത്തിന്റെ നിയമാനുസൃതമായ അനുമതികളോ കരാറോ കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്നത് ബോധ്യപ്പെട്ടതിനാലും, ന്യായമായ സമയപരിധി നിശ്ചയിച്ചുകൊണ്ട് ക്യാന്റീൻ മാറ്റി സ്ഥാപിക്കുന്നതിന് ഹർജിക്കാരും, ടി സമയപരിധി അനുവദിക്കുന്നതിന് ഭരണസമിതി അംഗീകാരത്തിന് വിധേയമായി മൂന്നാം എതിർകക്ഷിയും ഹിയറിങ്ങിൽ സന്നദ്ധത അറിയിച്ചിട്ടുള്ളതിനാലും, **പരമാവധി 3 മാസത്തിനുള്ളിൽ** ക്യാന്റീൻ മാറ്റി സ്ഥാപിക്കേണ്ടതാണെന്ന നിർദ്ദേശം ഹർജിക്കാർക്ക് നൽകിക്കൊണ്ടും, ഇതിനാവശ്യമായ പിന്തുണ നൽകുന്നതിന് കുടുംബശ്രീ ചാർജ് ഓഫീസറെ ചുമതലപ്പെടുത്തുവാൻ ചേർപ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുടെ 08.01.2026 ലെ WP(C) 42442/2024 നമ്പർ കേസിലെ വിധിന്യായവും 05.02.2026 ലെ RP.147/2026 നമ്പർ കേസിലെ വിധിന്യായവും നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നന്ദന എസ് പിള്ളൈ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
ശ്രീമതി സുനിത, കണ്ണോളി വീട്, ചേർപ്പ് വെസ്റ്റ് പി.ഒ തൃശ്ശൂർ 680573
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
സെക്രട്ടറി, ചേർപ്പ് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) / ഓഡിറ്റ്), കേരള,
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 10-03-2026 17:34:46
സെക്ഷൻ ഓഫീസർ